(ബി) നിയമ സഹായ പദ്ധതി കൂടുതൽ ഫലപ്രദമായ രീതിയിലും വ്യാപകമായ തോതിലും നടപ്പിലാക്കുന്നതിന് സർക്കാർ ഈയിടെ കേന്ദ്ര നിയമ സഹായ പദ്ധതിയുടെ മാതൃകയിൽ ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. 1-2-1984-ലെ 7/84 നിയമ വകുപ്പ് എന്ന നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഉള്ളതാണ് ഈ പദ്ധതി. 1978-ലെ പദ്ധതിക്ക് പുറമേയാണ് ഈ പദ്ധതി. പുതിയ പദ്ധതി അനുസരിച്ച് നിയമ വകുപ്പുമന്ത്രി, അഡ്വക്കേറ്റ് ജനറൽ, റിട്ടയേർഡ് ജില്ലാ ജഡ്ജി തുടങ്ങിയ അംഗങ്ങളടങ്ങിയ ഒരു നിയമ സഹായ ബോർഡ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

നിയമ സഹായ കാര്യത്തിനുമാത്രമായി രൂപീകരിക്കപ്പെട്ടിട്ടുള്ള പ്രസ്തുത ബോർഡിന് ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ കൈക്കൊള്ളാൻ കഴിയുമെന്നുള്ളതുകൊണ്ട് ജില്ല/താലൂക്ക്/ഹൈക്കോടതി തലങ്ങളിൽ പ്രത്യേകം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പ്രസ്തുത ബോർഡിന് വിട്ടുകൊടുത്തിരിക്കുകയാണ്. ബോർഡ് പ്രസ്തുത കാര്യത്തിന് ഒരു സ്കീം ഉണ്ടാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

ഇടമലയാർ അണക്കെട്ടിലെ തുരങ്കം

160. [441] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ അണക്കെട്ടിന്റെ തുരങ്കം കോൺട്രാക്ട് ചെയ്തത് നാലു ഷട്ടറും രണ്ട് ട്രോളറും ആരിൽനിന്നാണ് വാങ്ങിയത്;

(ബി) ഇതു വാങ്ങാൻ ടെണ്ടർ ക്ഷണിച്ചുവോ;

(സി) ഇതിനു ആകെ എന്തു ചെലവായി;

(ഡി) ഈ സാധനങ്ങൾ വാങ്ങാൻ ബോർഡിന്റെ അനുമതി ഉണ്ടായിരുന്നുവോ?

ഉത്തരം

(എ) എ.എൽ.ജേക്കബ് ആൻഡ് സൺസ്, ഇഞ്ചിനീയറിംഗ് കോൺട്രാക്ടേഴ്സ്, കൊച്ചി എന്ന കമ്പനിയിൽനിന്ന്.

(ബി) ക്ഷണിച്ചു.

(സി) 3,11,456 രൂപ ചെലവായി.

(ഡി) ഉണ്ടായിരുന്നു.

ഇലക്ട്രിസിറ്റി ബോർഡിന്റെ കാറുകൾ

161. [443] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ കൈവശം 15-8-1985-ൽ എത്ര വിദേശനിർമ്മിത കാറുകളും സ്വദേശ നിർമ്മിത കാറുകളും ഉണ്ട്;

(ബി) വിദേശ നിർമ്മിത കാറുകൾ ഉപയോഗിക്കുന്നത് ആരെല്ലാമാണ്;

(സി) വിദേശ നിർമ്മിത കാറുകൾ വേണ്ടെന്നുവയ്ക്കുവാൻ നടപടികൾ എടുക്കുമോ?

ഉത്തരം

(എ) വിദേശ നിർമ്മിത കാറുകൾ—7.
ഇൻഡ്യൻ നിർമ്മിത കാറുകൾ—59.

LIBRARY ARCHIVES Kerala Legislative Assembly